**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

15.7.2014 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 7637

**നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസ്**

| ചോദ്യം<br>ശ്രീ. എം. എ. വാഹീദ് | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
|---|---|
| (എ) വയനാട് ജില്ലയിൽ നടന്ന പി. എസ്. സി. നിയമനത്തട്ടിപ്പ് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (എ) പ്രസ്തുത കേസ് (VC 3/2012/SIU-II)വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) നിയമനത്തട്ടിപ്പ് പരിശോധിക്കാൻ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്; ഇതിൽ ഏതെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ? | (ബി) ഉണ്ട്. 34 വകുപ്പുകളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. (വകുപ്പുകളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്). കൂടാതെ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ഇൻഷുറൻസ് മെഡിക്കൽ സർവീസ്, പട്ടികവർഗ വികസനം, കേരള സ്റ്റേറ്റ് ഇൻഷുറൻസ്, മണ്ണു പര്യവേഷണ മണ്ണു സംരക്ഷണം, കോളേജ് വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ പരിശോധന നടന്നുവരുന്നു.<br><br>നേരിട്ടുള്ള നിയമനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. എന്നാൽ, പഞ്ചായത്ത് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും ചിലർക്ക് അനർഹമായി സ്ഥാനക്കയറ്റം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റം ലഭിച്ച് യു. ഡി. ക്ലാർക്കായി മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ. കൃഷ്ണൻ കുട്ടിയെ 18.4.2013 ലെ സ. ഉ. (സാധാ) നം. 1033/2013/LSGD പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതു കൂടാതെ പാർട്ട് ടൈം സർവീസിൽ നിന്നും പ്യൂൺ, എൽ.ഡി.സി. എന്നീ തസ്തികകളിലേക്ക് മറ്റു 19 പേർക്ക് ലഭിച്ച സ്ഥാനക്കയറ്റങ്ങളും ക്രമവിരുദ്ധമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പരിശോധന പൂർത്തിയായ വകുപ്പുകളിൽ, ജീവനക്കാരുടെ സർവീസ് പുസ്തകങ്ങൾ പരിപാലിക്കുന്നതിൽ വളരെയേറെ ന്യൂനതകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ടൂറിസം
2. മൈനിംഗ് ആൻഡ് ജിയോളജി
3. ലേബർ
4. ഇൻഡസ്ട്രിയൽ ട്രയിനിംഗ്
5. സിവിൽ സപ്ലൈസ്
6. ആനിമൽ ഹസ്ബൻഡറി
7. അർബൻ അഫയേഴ്സ്
8. ഡെയറിഡവലപ്മെൻറ്
9. ലീഗൽ മെട്രോളജി
10. ഫയർ ആൻഡ് റെസ്ക്യൂ
11. പഞ്ചായത്ത്
12. ഫോറസ്റ്റ്
13. ലോക്കൽ ഫണ്ട് ഓഡിറ്റ്
14. എക്സൈസ്
15. ടൌൺ ആൻഡ് കൺട്രി പ്ലാനിംഗ്
16. മോട്ടോർ വെഹിക്കിൾ
17. പബ്ളിക്ക് വർക്ക്സ്
18. ഗ്രൌണ്ട് വാട്ടർ
19. ഫിഷറീസ്
20. ഇറിഗേഷൻ
21. ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്മെന്റ്
22. കൊ-ഓപ്പറേഷൻ
23. എൽ.എസ്.ജി. (എൻജിനീയറിംഗ് വിംഗ്)
24. ട്രഷറി
25. റവന്യൂ
26. റൂറൽ ഡെവലപ്മെന്റ്
27. ലോട്ടറി
28. വൊക്കേഷണൽ ഹയർ സെക്കൻഡറി എജ്യൂക്കേഷൻ
29. ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സ്
30. രജിസ്ട്രേഷൻ
31. സോഷ്യൽ ജസ്റ്റിസ്
32. കൊമേഴ്സ്യൽ ടാക്സ്
33. അഗ്രികൾച്ചർ
34. സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ്

സെക്ഷൻ ഓഫീസർ